**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4667</u> <u>29.6.2012-ൽ മറുപടിയ്ക്ക്</u>

**<u>കാർഷിക മേഖലയിൽ ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതികൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കെ. രാജു** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് നിലവിൽ കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ എന്തൊക്കെ മുൻഗണനകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി യിലെ അംഗങ്ങളായവർക്ക് കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും മുൻഗണന നൽകിവരുന്നു. |
| (ബി) ഈ പദ്ധതിയിൽ അംഗമായിരിക്കെ, തെരഞ്ഞെടുത്ത തൊഴിലിൽ വ്യാപൃതരായ സമയത്ത് അപകടവും അംഗവൈകല്യവും സംഭവിച്ചതിനുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ ആനുകൂല്യം ലഭിക്കാത്ത അപേക്ഷകർ എത്ര എന്ന് വ്യക്തമാക്കുമോ? | (ബി) ഈ പദ്ധതിയിൽ അംഗമായിരിക്കെ അവശത സംഭവിച്ചവരുടെ 69 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരാൾക്ക് മാത്രം ആനുകൂല്യം നൽകി വരുന്നു. മറ്റ് അപേക്ഷകൾക്കൊന്നും അവശതാ പെൻഷൻ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**